### 4. അന്വേഷണറിപ്പോർട്ട്

ജില്ലാശിശുസംരക്ഷണ ഓഫീസർഅധികാരപ്പെടുത്തിയിട്ടുള്ളഓഫീസർ അന്വേഷണറിപ്പോർട്ട്തയ്യാറാക്കിസമർപ്പിക്കും.

### 5. പരസ്പരം പരിചയപ്പെടുത്തൽ

ഫോസ്റ്റർകെയറിനു നിശ്ചയിച്ചിട്ടുള്ളകുട്ടിയെഫോസ്റ്റർകെയർരക്ഷിതാവിന് കാണാനും ആശയ വിനിമയം നടത്തുന്നതിനുമുള്ള അവസരംഒരുക്കിക്കൊടുക്കും.

### 6. വൈദ്യ പരിശോധന

ഫോസ്റ്റർകെയർരക്ഷിതാവ്കുട്ടിയെസ്വീകരിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചതിനുശേഷംവൈദ്യപരിശോധന നടത്തികുട്ടിയുടെആരോഗ്യസ്ഥിതി നിർണയിക്കാം. വൈദ്യപരിശോധനയിൽആരോഗ്യ നില തൃപ്തികരംആകുന്ന കുട്ടികളെ മാത്രമേഫോസ്റ്റർകെയറിനു വിടാൻ പാടുള്ളു.

### നിയമ നടപടികൾ പൂർത്തിയാക്കൽ

ഫോസ്റ്റർരക്ഷിതാവ്കുട്ടിയെസ്വീകരിക്കാൻ സന്നദ്ധ അറിയിച്ചുകഴിഞ്ഞാൽജില്ലാശിശുസംരക്ഷണ യൂണിറ്റ്ചൈൽഡ്വെൽഫെയർ കമ്മിറ്റിയിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ച്തൃപ്തികരമാണെങ്കിൽചൈൽഡ്വെൽഫെയർ കമ്മിറ്റി ഉചിതമായതീരുമാനം കൈക്കൊള്ളും.

For More Details Contact:



സംയോജിത ശിശുസംരക്ഷണ പദ്ധതി
വനിതാ ശിശു വികസന വകുപ്പ്
കേരളസർക്കാർ

## വിഷമകരമായ സാഹചര്യത്തിൽ കഴിയുന്ന കുട്ടികളെ വളർത്താൻ നിങ്ങൾ തയ്യാറാണോ.......?

# Foster Care...

## (പോറ്റിവളർത്തൽ)



## ഫോസ്റ്റർകെയർ (പോറ്റിവളർത്തൽ)

മാതാവിനും പിതാവിനും പല കാരണങ്ങൾ കൊണ്ടും കൂടെ നിർത്താൻ കഴിയാത്ത കുട്ടികളെ മറ്റൊരു കുടുംബത്തിൽ വളർത്തുന്ന രീതിയാണ് പോറ്റിവളർത്തൽ. മറ്റൊരു കുടുംബം എന്നാൽ അകന്ന ബന്ധത്തിലുള്ളവരോ ബന്ധമില്ലാത്തവരോ ആകാം. സ്ഥാപനത്തിൽ കുട്ടികളെ നിർത്താതെ കുട്ടികളെ സ്നേഹമസൃണമായ കുടുംബാന്തരീക്ഷത്തിൽ വളരാൻ അനുവദിക്കുകയെന്നതാണ് പോറ്റി വളർത്തലിന്റെ മുഖ്യലക്ഷ്യം.

ജന്മം നൽകിയമാതാ പിതാക്കൾക്ക് അവരുടെകുട്ടികളുടെമേലുള്ള അവകാശങ്ങളോ ചുമതലകളോ നഷ്ടപ്പെടുന്നില്ലായെന്നുള്ളതാണ് ഈ സംവിധാനത്തിന്റെ പ്രത്യേകത.

കുട്ടികളെ വേണ്ടവിധം സംരക്ഷിക്കുവാൻ ആവാത്ത സാഹചര്യത്തിൽ മാതാപിതാക്കൾക്ക് ഫോസ്റ്റർകെയർ സംവിധാനം ഉപയോഗിച്ച് അവരെ മറ്റൊരു കുടുംബത്തിൽ സംരക്ഷിക്കുവാൻ സാധിക്കും. കുടുംബ സാഹചര്യം മെച്ചപ്പെടുമ്പോൾ സ്വന്തം കുടുംബത്തിലേക്കുതന്നെ കുട്ടിയെ തിരിച്ചുകൊണ്ടുവരാൻ സാധിക്കുകയും ചെയ്യും.

## ആർക്കെല്ലാം ഫോസ്റ്റർ രക്ഷിതാവാകാം

1. തൃപ്തികരമായ രീതിയിൽ അഞ്ചുവർഷം ദാമ്പത്യജീവിതം പൂർത്തിയായ ദമ്പതികൾ.
2. ഏക രക്ഷിതാവ്.
3. കുട്ടിയുമായി ബന്ധമുള്ളവർ.
4. ഒന്നിലധികം കുട്ടികളുടെ സംരക്ഷണവും ഉത്തരവാദിത്വവും ഏറ്റെടുക്കുവാൻ താൽപര്യമുള്ള സംഘടനയ്ക്കോ അല്ലെങ്കിൽ വ്യക്തികൾക്കോ.

## ഫോസ്റ്റർരക്ഷിതാവിന് ഉണ്ടായിരിക്കേണ്ട പ്രായം

1. മാതാവിന് 30 വയസ്സിനും 60 വയസ്സിനും ഇടയ്ക്ക് പ്രായംഉണ്ടായിരിക്കണം.
2. പിതാവിന് 65 വയസ്സ് കവിയാൻ പാടില്ല.
3. കുട്ടിയുമായി ബന്ധമുള്ളഫോസ്റ്റർരക്ഷിതാവിന് പ്രായ പരിധി ബാധകമല്ല.

## എങ്ങനെയുള്ളകുട്ടികളെയാണ്ഫോസ്റ്റർകെയറിന് നൽകുന്നത് ?

1. നിലവിൽസ്ഥാപനത്തിൽകഴിയുന്ന കുട്ടികൾ.
2. കുടുംബത്തിൽവേണ്ടത്ര സംരക്ഷണമോ പരിചരണമോലഭിക്കാത്ത കുട്ടികൾ.
3. നിയമപരമായിദത്ത് നൽകാൻ കഴിയാത്ത കുട്ടികൾ.
4. മാതാപിതാക്കളുടെ അനാരോഗ്യം, മരണം, കുടുംബ പ്രതിസന്ധികൾഎന്നിവ മൂലംവേണ്ടത്ര സംരക്ഷണവും പരിചരണവുംലഭിക്കാത്ത കുട്ടികൾ.
5. മാതാപിതാക്കളിലൊരാൾകുടുംബംഉപേക്ഷിച്ചു പോയതുമൂലം ശ്രദ്ധയും പരിചരണവുംലഭിക്കാത്ത കുട്ടികൾ.
6. മാനസികരോഗമുള്ളവ്യക്തികളുടെകുട്ടികൾ.

## നടപടിക്രമങ്ങൾ

### 1. രജിസ്ട്രേഷൻ

ഫോസ്റ്റർ രക്ഷകർത്താവാകുവാൻ താൽപര്യമുള്ളവർതാമസിക്കുന്ന ജില്ലയിലെശിശുസംരക്ഷണ യൂണിറ്റിൽ പേര്രജിസ്റ്റർ ചെയ്യണം.

### 2. അപേക്ഷയോടൊപ്പംഹാജരാക്കേണ്ട രേഖകൾ

- വൈദ്യപരിശോധനാ സർട്ടിഫിക്കേറ്റ്.
- തിരിച്ചറിയൽരേഖ (ആധാർകാർഡ്/ ഇലക്ഷൻ ഐ.ഡി.കാർഡ്/പാസ്പോർട്ട്)
- വിവാഹസർട്ടിഫിക്കേറ്റ്
- കുടുംബഫോട്ടോ
- രണ്ട്അംഗീകൃതവ്യക്തികളുടെശുപാർശക്കത്ത്.
- വരുമാന സ്ട്ടിഫിക്കേറ്റ്.

### 3. ഫോസ്റ്റർകെയർകൗൺസിലിംഗ്